**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1475 — 13/06/2014-ൽ മറുപടിയ്ക്ക്

## ഹരിത ഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. ശശി | **ശ്രീ . കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ഹരിത ഗ്രാമം പദ്ധതിക്കായി 2013-14 വർഷം നീക്കിവച്ചിട്ടുള്ള തുകയെത്രയാണെന്നും; അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | എ) ഹരിതഗ്രാമം പദ്ധതിയുടെ ആകെ പദ്ധതി അടങ്കൽ തുക 42.00 കോടി രൂപ ആണെങ്കിലും 2013-14 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി തുകയൊന്നും അനുവദിക്കാത്തതിനാൽ നിർവ്വഹണം ആരംഭിച്ചിട്ടില്ല. |
| ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | ബി) തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്താണ് മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളത്. |
| സി) പദ്ധതി നടപ്പാക്കാൻ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ പ്രൊപ്പോസലുകളാണ് നിലവിലുള്ളത് ? | സി) കേരളത്തിലെ 14 ജില്ലകളിലെയും ഓരോ പഞ്ചായത്തിനെ വീതം ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോം വയക്കര, കാസറഗോഡ് ജില്ലയിൽ മൊഗ്രാൽ പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളാണ് മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത് ഉത്തരവായിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**